**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കുടുംബശ്രീ - ഹഡ്കോ - സി.എസ്.ആർ പദ്ധതി-ഹഡ്കോയുമായി കരാറിൽ ഏർപ്പെടുന്നതിനും കുടുംബശ്രീ വനിതാ കൺസ്ട്രക്ഷൻ ഗ്രൂപ്പുകൾ മുഖേന നടപ്പിലാക്കുന്നതിനും അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

**സ.ഉ.(സാധാ) നം. 1181/2019/തസ്വഭവ തിരുവനന്തപുരം, തീയതി, 10/06/2019**

---

പരാമർശം:- കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 22.04.19 ലെ 9534/എൻ/2018/കെ.എസ്.എച്ച്.ഒ. നമ്പർ കത്ത്.

**ഉത്തരവ്**

പ്രളയത്തിൽ ഭവനം നഷ്ടപ്പെട്ട ആലപ്പുഴ ജില്ലയിലെ വെണ്മണി പഞ്ചായത്ത്, ചെങ്ങന്നൂർ മുനിസിപ്പാലിറ്റി, എറണാകുളം ജില്ലയിലെ നോർത്ത് പറവൂർ മുനിസിപ്പാലിറ്റി എന്നിവിടങ്ങളിൽ ഹഡ്കോ-സി.എസ്.ആർ പദ്ധതി അനുസരിച്ച് ഭവനം നിർമ്മിക്കുന്നതിനായി ഭവനം ഒന്നിന് 5.6 ലക്ഷം രൂപ വീതം അനുവദിച്ചതായും ടി പദ്ധതി നടത്തിപ്പിനായി അനുവദിച്ചിട്ടുള്ള ഗ്രാന്റ് ഹഡ്കോയിൽ നിന്നും ലഭ്യമാക്കുന്നതിനായി ഹഡ്കോയുമായി കരാറിൽ ഏർപ്പെടുന്നതിന് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തിക്കൊണ്ടും ഭവനങ്ങളുടെ നിർമ്മാണം അതത് കുടുംബശ്രീ ജില്ലാ മിഷനുകളുടെ നേതൃത്വത്തിൽ കുടുംബശ്രീ വനിതാ കൺസ്ട്രക്ഷൻ ഗ്രൂപ്പുകൾ മുഖേന നടപ്പിലാക്കുന്നതിനും കുടുംബശ്രീ സംസ്ഥാനമിഷന് അനുമതി നൽകണമെന്ന് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശ കത്തു മുഖേന സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പ്രളയത്തിൽ ഭവനം നഷ്ടപ്പെട്ട ആലപ്പുഴ ജില്ലയിലെ വെണ്മണി പഞ്ചായത്ത്, ചെങ്ങന്നൂർ മുനിസിപ്പാലിറ്റി, എറണാകുളം ജില്ലയിലെ നോർത്ത് പറവൂർ മുനിസിപ്പാലിറ്റി എന്നിവിടങ്ങളിൽ ഹഡ്കോ-സി.എസ്.ആർ പദ്ധതി അനുസരിച്ച് ഭവനം നിർമ്മിക്കുന്നതിനായി ഹഡ്കോയുമായി കരാറിൽ ഏർപ്പെടുന്നതിന് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തിക്കൊണ്ടും, ഹഡ്കോ-സി.എസ്.ആർ പദ്ധതി പ്രകാരം പ്രസ്തുത പദ്ധതിക്കായി അനുവദിച്ചിട്ടുള്ള ഗ്രാന്റ് ഹഡ്കോയിൽ നിന്നും ലഭ്യമാക്കി ഭവനങ്ങളുടെ നിർമ്മാണം അതത് കുടുംബശ്രീ ജില്ലാ മിഷനുകളുടെ നേതൃത്വത്തിൽ കുടുംബശ്രീ വനിതാ കൺസ്ട്രക്ഷൻ ഗ്രൂപ്പുകൾ മുഖേന നടപ്പിലാക്കുന്നതിനും, കുടുംബശ്രീ സംസ്ഥാനമിഷന് അനുമതി നൽകിക്കൊണ്ടും സർക്കാർ ഉത്തരവു പുറപ്പെടുവിക്കുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**വി. നാഗേന്ദ്രൻ**
**ഡെപ്യൂട്ടി സെക്രട്ടറി**

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം.
ഡയറക്ടർ, നഗരകാര്യ വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, പഞ്ചായത്ത് വകുപ്പ്, തിരുവനന്തപുരം
കമ്മീഷണർ, ഗ്രാമവികസന വകുപ്പ്, തിരുവനന്തപുരം
ജില്ലാ കളക്ടർ, ആലപ്പുഴ, എറണാകുളം( എക്സിക്യൂട്ടീവ് ഡയറക്ടർ മുഖാന്തിരം)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**